(ബി) ഈ സംഗതിയെപ്പറ്റി ഇടപ്പള്ളി പോലീസ് എന്തു നടപടി നടത്തിയെന്നു പറയുവാൻ കഴിയുന്നുണ്ടോ;

(സി) യാതൊരു നടപടിയും നടത്തിയിട്ടില്ലെങ്കിൽ അതിനു കാരണമെന്തു?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഉണ്ട്.

(ബി, സി) ഈ സംഗതിയെപ്പറ്റി ഗവൺമെന്റിൽനിന്നും അന്വേഷണം നടത്തിയതിന്റെ ഫലമായി ഈ ആരോപണം അബദ്ധമാണെന്നു തെളിഞ്ഞിട്ടുണ്ട്.

ശ്രീ. എ. വി. ജോസഫ്: ആരാണ് അന്വേഷണം നടത്തിയത്?

ശ്രീ. ടി. കെ. നാരായണപിള്ള: പോലീസു മുഖാന്തിരമാണ് അന്വേഷണം നടത്തിയത്.

പോലിസിലേക്ക് പുതിയ നിയമനങ്ങൾ

* ൭൯൦. (നം ൭) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു മാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൯൪൬-ലെ ശേഷം തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാന പോലീസിലേക്ക് പുതിയ ആളുകളെ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) അവരുടെ പരീക്ഷായോഗ്യതയെന്തു?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഉവ്വ്. ആകെ. ൩൩.

പ്രൊബേഷണറി ഹെഡ്കാൺസ്റ്റബിൾസ്	..	൨൪
പോലീസ് കാൺസ്റ്റബിൾസ്	..	൯൯

ഹെഡ്കാൺസ്റ്റബിൾസ്

(ബി) ഇ. എസ്സ്. എൽ. സി. വരെ പഠിച്ചവർ	..	൨
ഇ. എസ്സ്. എൽ. സി. പാസ്സായവരും ഇൻറർമീഡിയറ്റ് വരെ പഠിച്ചവരും	..	൧൫
ഇൻറർമീഡിയറ്റ് പാസ്സായവരും അതിനു മുകളിൽ പഠിച്ചവരും	..	൩
ഗ്രാഡുവേറ്റുകൾ	..	൨
മലയാളം ൭-ാം ക്ലാസ്സിനു താഴെ പഠിച്ചവർ		
ഔട്ട്റിഡൻസ്—	..	ൻ
എക്സ്. പി. സ്കീം—	..	൫

പോലീസ് കാൺസ്റ്റബിൾസ്

ഏഴാംക്ലാസ്സു പാസ്സായവരും, ഏഴാം ക്ലാസ്സു പഠിച്ചവരും	..	൧൭
൬-ം, ൻ-ം ക്ലാസ്സുവരെ പഠിച്ചവർ	..	൩൭ (൧൫+൨)
തേഡ്ഫാറം, ഫോർത്ത്ഫാറം, ഫിഫ്ത്ത്ഫാറം, സിക്സ്ത്ത്ഫാറംവരെ		
൧൫ ൩ ൧൫ ൧		
ഇ. എസ്സ്. എൽ. സി. പാസ്സായവർ	..	൧

ആകെ ൨൫ + ൪൧ = ൬൬ പേർ.

വാക്സിനേറ്റർമാർ സെൻസസെടുപ്പിൽ

* ൭൧൧. (നവ) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സെൻസ്സസ് എടുത്തു വീട്ടുകാരെ നമ്പരിടുന്നതിനായി പറവൂർ താലൂക്കിലും വൈക്കം താലൂക്കിലും മാത്രം വാക്സിനേറ്റർമാരെ നിയോഗിക്കുവാൻ കാരണമെന്തു;

(ബി) അതുമൂലം ആ രണ്ടു താലൂക്കിലും വാക്സിനേഷൻ തല്ക്കാലം നിറുത്തിവച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) ഈ രണ്ടു താലൂക്കുകളിൽ വാക്സിനേറ്റർമാരെ ശമ്പളത്തിന്മേൽ നിയമിച്ചിരുന്നു. വീടുകൾ നമ്പരിടുന്നതിനു പബ്ലിക്കുഹെൽത്തു ഡയറക്ടരെയാണു് ചുമതലപ്പെടുത്തിയിരിക്കുന്നതു്. ആ ജോലി വാക്സിനേറ്റർമാർ ഉള്ളസ്ഥലത്തു അവരെകൊണ്ടും ചെയ്യിക്കുന്നുണ്ടു്.

(ബി) വാക്സിനേഷൻ അത്യാവശ്യമുള്ള സ്ഥലങ്ങളിൽ ചെയ്യുന്നുണ്ടു്; ചില സ്ഥലങ്ങളിൽ തൽക്കാലം നിറുത്തിവച്ചിരിക്കുന്നതായി അറിഞ്ഞിട്ടുണ്ടു്.

HOUSE PROBLEM

*712. [39] **Sri. M. I. Paul:** Will the Hon'ble Chief Minister be pleased to state how far the house problem has progressed?

ശ്രീ. ടി. കെ. നാരായണപിള്ള: മാർച്ചു മുപ്പതാംതീയ്യതിക്കു മുൻപു ഏകദേശം 500 വീടുകളുടെ പണി പൂർത്തിയാകുമെന്നാണു് ശമ്പളത്തിണ്ടു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ വീടുകൾ വാടകയ്ക്കു കൊടുക്കുവാൻ തീരുമാനിച്ചിരിക്കുകയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: തൽക്കാലം വീടുകൾ കോവാപ്പറേറീവു സൊസൈറ്റികൾക്കു് വിട്ടുകൊടുത്തിട്ടു അവർ മുഖേന ആ സൊസൈറ്റിയിലെ മെമ്പറന്മാർക്കു കൊടുത്തു ഏകദേശം ഒരു കൊല്ലംകൊണ്ടു് അതിന്റെ വില അടച്ചുതീർക്കണമെന്നുള്ള വ്യവസ്ഥയിൽ വിട്ടുകൊടുക്കണമെന്നാണു് തൽക്കാലം ശമ്പളത്തിണ്ടു് നിശ്ചയിച്ചിട്ടുള്ളതു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ വീടുകൾ ഒരു കൊല്ലത്തിനുശേഷം നിലനിൽക്കുന്നവയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇരുപതുകൊല്ലമല്ല, മുപ്പതുകൊല്ലം നിൽക്കത്തക്കവയാണു്.

ശ്രീ. പി. ചാക്കോ: ഈ വീടുകൾ എവിടെയാണു് പണിയിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതേപ്പറ്റി നേരത്തെ പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണു്.

PAY OF GOVERNMENT SERVANTS

*713. [40] **Sri. M. I. Paul:** Will The Hon'ble Chief Minister be pleased to state whether the Government are aware that there is disparity of pay of Government servants both of Cochin and Travancore; if so what measures the Government intend to take to remedy the same?

Sri. T. K. Narayana Pillai: The Government are aware of the fact that there is disparity. And they are seriously considering the question of bringing about uniformity in this matter.

ശ്രീ. എം. ഐ. പോൾ: ഈ യൂണിയനിലെ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം എന്നത്തേയ്ക്കു് ഇതു ശരിപ്പെടുത്തുമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിയുന്നതും വേഗം ശരിപ്പെടുത്തും.

ശ്രീ. എം. ഐ. പോൾ: അവർക്കു് റിട്രാസ്പക്ടീവ് എഫക്ടു് കൊടുക്കുവാൻ ഭയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഭയവുണ്ടാകുകയില്ല.

DISTRICT AND MUNSIFFS' COURTS

*714. [41] **Sri. Paul Thaliath:** Will the Hon'ble Chief Minister be pleased to state.—

(*a*) whether the High Court has recommended the reduction in the number of District and Munsiffs Courts now existing;

(*b*) if so, the names of such courts to be abolished;

(*c*) whether the Government have taken a final decision in the matter; and

(*d*) if so, the nature of such decision?

Sri. T. K. Narayana Pillai:

(*a*) No.

(*b*), (*c*) and (*d*) Do not arise.

LIBRARY ARCHIVES Kerala Legislative Assembly